# ആദ്യത്തെ പ്രിൻസിപ്പൽ : മായാത്ത ഓർമ്മകൾ

കെ.ജി. പൗലോസ്

വെങ്കിടകൃഷ്ണൻസാറുമായി അടുത്തുബന്ധപ്പെടാൻ എനിക്ക് അവസരം ലഭിച്ചത് അദ്ദേഹം പട്ടാമ്പി കോളേജിലെ പ്രിൻസിപ്പൽ ആയിരുന്നപ്പോൾ ആണ്. അതിനുശേഷം അദ്ദേഹത്തിന്റെ അന്ത്യംവരെയും ആ ബന്ധം സുദൃഢമാക്കി നിലനിർത്താൻ സാധിച്ചു എന്നത് ജീവിതത്തിലെ സൗഭാഗ്യങ്ങളിൽ ഒന്നായി ഞാൻ കരുതുന്നു.

ഗുരുനാഥൻ പുന്നശ്ശേരി നീലകണ്ഠശർമ്മ 1889 ൽ പെരുമുടിയൂരിൽ സാരസ്വതോദ്യോതിനീ സംസ്കൃതപാഠശാലയായി ആരംഭിച്ച്, 1911-ൽ കോളേജിന്റെ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട സ്ഥാപനമാണ് ഇന്നു നാം കാണുന്ന പട്ടാമ്പി സംസ്കൃതകോളേജ്. മലബാറിലെ നാല്പതോളം വരുന്ന സംസ്കൃതസ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന മാതൃകാസ്ഥാപനമായിരുന്നു ഇത്. സംസ്കൃതത്തിനും മലയാളത്തിനും സമപ്രാധാന്യം നൽകിക്കൊണ്ടുള്ള വിദ്വാൻകോഴ്സായിരുന്നു ഇവിടെ നടത്തിയിരുന്നത്. വിജ്ഞാന ചിന്താമണി എന്ന പത്രിക, അച്ചുകൂടം, പഞ്ചാംഗം, ആരോഗ്യചിന്താമണി വൈദ്യശാല, അനേകം ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്ത പ്രസിദ്ധീകരണവിഭാഗം എന്നിവയുൾക്കൊണ്ട അസാധാരണമായ ഒരു വിജ്ഞാനസമുച്ചയം ആയിരുന്നു ഈ മാതൃകാവിദ്യാലയം. ടി. സി. പരമേശ്വരൻ മൂസ്സ്, കെ.വി.എം., സി.എസ്. നായർ, കുട്ടിക്കൃഷ്ണമാരാർ, പി. കുഞ്ഞിരാമൻനായർ, കെ.പി. നാരായണപിഷാരടി തുടങ്ങിയ അതിപ്രഗല്ഭന്മാർ ഈ സ്ഥാപനത്തോട് ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. 1917-ൽ 15 അദ്ധ്യാപകരും 175 വിദ്യാർത്ഥികളും പാഠശാലയിൽ ഉണ്ടായിരുന്നു. വിദ്യാർത്ഥികളിൽ 11 പേർ കൊച്ചിയിൽ നിന്നും 42-പേർ തിരുവിതാംകൂറിൽനിന്നുമുള്ളവരായിരുന്നു. അന്ന് മറ്റെങ്ങും സംസ്കൃതപഠനത്തിന് പ്രവേശനം ലഭിക്കാൻ അർഹതയില്ലാതിരുന്ന കീഴാളവിഭാഗത്തിലും ഹിന്ദു-ക്രിസ്ത്യൻ മതവിഭാഗങ്ങളിൽപെട്ടവരും ശിഷ്യരിൽ ഉൾപ്പെട്ടിരുന്നു.

കേരളത്തിൽ സംസ്കൃതപഠനത്തിന് ജനകീയമായ അടിത്തറയിട്ടത് പട്ടാമ്പി കോളേജാണ്. രാജഭരണത്തിൻകീഴിലായിരുന്ന കൊച്ചിയിലും തിരുവിതാംകൂറിലും ത്രൈവർണ്ണികർക്കല്ലാതെ പഠനത്തിനർഹതയില്ലായിരുന്നു. 'സരസ്വതിക്ക് തീണ്ടലില്ല' എന്ന പ്രഖ്യാപനത്തോടെ അറിവിന്റെ ഉറവിടം ഏവർക്കും തുറന്നുകൊടുത്തുകൊണ്ടാണ് പുന്നശ്ശേരിനമ്പിയെ ഗുരുനാഥനായി ചരിത്രം അടയാളപ്പെടുത്തിയത്. 1935-ൽ ഗുരുനാഥൻ അന്തരിച്ചതോടെ കോളേജിന്റെ ഈ സുവർണ്ണയുഗം അവസാനിച്ചു. എൻ. കുഞ്ഞിരാമപ്പണിക്കർ, കെ.വി. നാരായണശാസ്ത്രികൾ, പി.വി. രാമയ്യർ എന്നിവരാണ് തുടർന്നു പ്രിൻസിപ്പൽമാരായത്. വിവിധകാരണങ്ങളാൽ കോളേജിന്റെ അവസ്ഥ പരിതാപകരമായി മാറി. ആസന്നമരണാവസ്ഥയിലെത്തിയപ്പോഴാണ് 1956-ൽ പി.ടി. ഭാസ്കരപ്പണിക്കരുടെ നേതൃത്വത്തിൽ പുതുതായി നിലവിൽവന്ന മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് കോളേജ് ഏറ്റെടുത്തത്. 1958-ൽ ഡിസ്ട്രിക്റ്റ് ബോർഡിന്റെ സ്ഥാപനങ്ങൾ സർക്കാരിൽ ലയിച്ചു. അപ്പോഴേയ്ക്കും ഐക്യകേരളം രൂപപ്പെടുകയും ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ ആദ്യത്തെ

ജനകീയഭരണം നിലവിൽവരികയും ചെയ്തു. ഈ സാഹചര്യത്തിലാണ് ശ്രീ പി.വി. രാമയ്യർ റിട്ടയർ ചെയ്ത ഒഴിവിൽ 1963-ൽ തിരുവനന്തപുരം സംസ്കൃതകോളേജിൽ നിന്ന് വെങ്കിടകൃഷ്ണൻസാറിനെ പ്രിൻസിപ്പലായി പാഠശാലയിൽ നിയമിച്ചത്. കോളേജിന്റെ ചരിത്രത്തിൽ ഇതൊരു വഴിത്തിരിവായിമാറി. ഇക്കാര്യങ്ങൾ ഇത്രയും വിശദീകരിച്ചത് അദ്ദേഹം പ്രിൻസിപ്പലായി ചുമതല ഏൽക്കുമ്പോഴത്തെ അവസ്ഥ വിശദമാക്കാനാണ്. എന്നാൽ മാത്രമേ ഇപ്പോഴത്തെ നിലയിലേക്കെത്തിയതിന്റെ പിന്നിലുള്ള പ്രയത്നവും ദീർഘവീക്ഷണവും വ്യക്തമാകുകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ, ഗുരുനാഥന്റെ മഹിതമായ പാരമ്പര്യവും അവിസ്മരണീയമായ നാമധേയവും മാത്രമാണ് ഇന്ന് കാണുന്ന രീതിയിലുള്ള കോളേജ് രൂപപ്പെടുത്താൻ മൂലധനമായി പുതിയ പ്രിൻസിപ്പലിന് ലഭിച്ചത്. അതുപയോഗിച്ച് പൊതുജനങ്ങളെ സംഘടിപ്പിച്ച്, അധികാരകേന്ദ്രങ്ങളെ സ്വാധീനിച്ച്, നേടിയതാണ് പിന്നീടുണ്ടായതെല്ലാം. അതിന് നേതൃത്വം കൊടുത്തു എന്നതാണ് അദ്ദേഹത്തിന്റെ പ്രാധാന്യം.

സംസ്കൃതത്തിന്റെ കാര്യത്തിൽ തൃപ്പൂണിത്തുറയിലും തിരുവനന്തപുരത്തുമുള്ള സംസ്കൃതകോളേജുകളുടെ മാതൃകയിലും മലയാളത്തിൽ ബി.എ., എം.എ. കോഴ്സുകളുള്ളതുമായ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുവാൻ സർക്കാർ അനുവാദം നൽകി. യൂണിവേഴ്സിറ്റി അംഗീകാരത്തിന് കോളേജിന് ഇരുപത് ഏക്കർ സ്ഥലമെങ്കിലും വേണം. പെരുമുടിയൂരിൽ അതിന് സാധ്യതയില്ല. അങ്ങനെ വന്നപ്പോൾ ഓറിയന്റൽ സ്കൂൾ പെരുമുടിയൂരിൽ നിലനിർത്തി കോളേജ് ടൗണിൽ നിളയുടെ തീരത്തുള്ള ഊട്ടുപുരയിലേയ്ക്ക് മാറ്റി. പ്രൊഫ. ചെറുകാട് ഉൾപ്പെടെയുള്ള അദ്ധ്യാപകരുടേയും നാട്ടുകാരുടേയും സഹായത്തോടെയാണ് ഇതുചെയ്തത്. തുടർന്നാണ് ഇപ്പോഴത്തെ സ്ഥലം വാങ്ങി താത്ക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ച് കോളേജ് ഇങ്ങോട്ട് മാറ്റിയത്. അഡ്വൈസർ ഭരണമായിരുന്നു അന്ന്. അഡ്വൈസർ രാഘവാചാരി കോളേജ് ഉദ്ഘാടനം ചെയ്യാമെന്ന് സമ്മതിച്ചു. സജ്ജീകരണങ്ങൾ എല്ലാം പൂർത്തിയായി. അവസാനനിമിഷം അദ്ദേഹം പിന്മാറി. ഓലഷെഡ്ഡുകളിൽ കോളേജ് അനുവദിക്കാൻ സാധ്യമല്ലെന്ന് കേരള യൂണിവേഴ്സിറ്റി അറിയിച്ചതിനെത്തുടർന്നായിരുന്നു ഈ പിന്മാറ്റം. വെപ്രാളത്തോടെ പ്രിൻസിപ്പൽ തിരുവനന്തപുരത്തെത്തി, വൈസ്ചാൻസലർ ഡോ. സാമുവൽ മത്തായിയെ കണ്ടു, പലവിധത്തിൽ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി അനുമതി നേടി. ഇപ്പോൾ കാണുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിന് 10 ലക്ഷം രൂപ അനുവദിപ്പിച്ച് നിശ്ചിതസമയത്ത് കോളേജിന്റെ ഉദ്ഘാടനം ആർഭാടമായി നടത്തി.

ഇ.എം.എസ്., ഇ.പി. ഗോപാലൻ തുടങ്ങിയ ജനപ്രതിനിധികളും എ.എസ്.കെ. രാമയ്യർ, അസ്സനാർവൈദ്യൻ തുടങ്ങിയ നാട്ടുകാരും ഉൾപ്പെടുന്ന വലിയൊരു സമൂഹം ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്നു. അവർക്ക് വഴികാട്ടുകയായിരുന്നു, പ്രിൻസിപ്പലിന്റെ ദൗത്യം. വർണ്ണിക്കാൻ കഴിയുന്നതിലുമപ്പുറത്തായിരുന്നു ആരംഭകാലത്തെ ബാലാരിഷ്ടതകൾ. സംസ്കൃത മലയാളഭാഷകളിലായിരുന്നില്ല പൊതുജനങ്ങളുടെ മുഖ്യതാത്പര്യം. സ്വാഭാവികമായും മറ്റുവിഷയങ്ങൾ ആരംഭിക്കുന്നതിലായിരുന്നു

അവരുടെ ശ്രദ്ധ. മറ്റു കോളേജുകളിൽ നിന്ന് സ്ഥലംമാറി വന്ന അദ്ധ്യാപകരുടെ താത്പര്യവും ഭാഷകളിലായിരുന്നില്ല. ഭാഷകളുടെ പ്രാധാന്യം നിലനിർത്താൻ വേണ്ടി ഒരുപക്ഷത്തും ഇതരവിഷയങ്ങൾ തുടങ്ങാൻ വേണ്ടി മറുപക്ഷത്തും ശക്തിയായി വടം വലികൾ നടന്നുകൊണ്ടിരുന്നു. പ്രിൻസിപ്പലിന് ഏറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്ന സന്ദർഭങ്ങൾ നിരന്തരം ഉണ്ടായിക്കൊണ്ടിരുന്നു. പലപ്പോഴും പ്രിൻസിപ്പൽ സംസ്കൃതത്തിന് വേണ്ടി നടത്തിയത് ഒറ്റയാൾ പോരാട്ടമായിരുന്നു. സംസ്കൃതത്തോട് വെങ്കിടകൃഷ്ണൻസാറിനുണ്ടായിരുന്ന പ്രതിബദ്ധതയുടെ മാറ്ററുരച്ച നിർണ്ണായകസന്ദർഭങ്ങളായിരുന്നു അവ.

സംസ്കൃത മലയാളഭാഷകൾക്ക് പ്രാധാന്യമുള്ള പ്രീഡിഗ്രിക്ലാസുകളായിരുന്നു ആദ്യം അനുവദിച്ചത്; പിന്നീട് കൊമേഴ്സ്, തുടർന്നു സയൻസ് ഗ്രൂപ്പുകൾ. 66-ൽ ഡിഗ്രി കോഴ്സുകൾ - സംസ്കൃതം, മലയാളം, എക്കണോമിക്സ് തുടങ്ങിയവയും. എല്ലാവിഷയങ്ങളിലും ഡിഗ്രി കോഴ്സുകൾ ആരംഭിക്കാൻ സമ്മർദ്ദം ഏറിക്കൊണ്ടിരിക്കുന്നു. 68-ൽ ഡിഗ്രി കോഴ്സുകൾ രണ്ടാംവർഷത്തിലേയ്ക്ക് കടന്നു. 69-ൽ അദ്ദേഹത്തിന് വിരമിക്കേണ്ടിയിരിക്കുന്നു. 68-ൽ സംസ്കൃതത്തിനും മലയാളത്തിനും അദ്ദേഹം പി.ജി. കോഴ്സ് ആരംഭിച്ചു. മുഖ്യമന്ത്രി ഇ.എം.എസ്. കോഴ്സുകൾ ഉദ്ഘാടനം ചെയ്തു. വലിയൊരു വിഭാഗത്തിന് എതിർപ്പുണ്ടായിരുന്നു; അവരാഗ്രഹിച്ചത് ആദ്യം മറ്റു വിഷയങ്ങളിൽ ബിരുദപഠനത്തിനുള്ള സൗകര്യങ്ങളായിരുന്നു.

ബിരുദകോഴ്സ് പൂർത്തിയായാലേ ഒരു ഗ്രാമപ്രദേശത്ത് അന്നത്തെ കാലത്ത് ബിരുദാനന്തരകോഴ്സിന് വിദ്യാർത്ഥികൾ ഉണ്ടാവുകയുള്ളൂ. അഞ്ചുവിദ്യാർത്ഥികളെയെങ്കിലും അവസാനദിവസത്തിനു മുൻപ് ചേർത്തിരിക്കണം. അല്ലെങ്കിൽ കോഴ്സ് ആരംഭിക്കാൻ കഴിയില്ല. മലയാളത്തിന് വിദ്യാർത്ഥികളെ കണ്ടുപിടിക്കാനുള്ള ചുമതല ചെറുകാട് മാസ്റ്റർക്കായിരുന്നു. അദ്ദേഹമത് സമയത്തിനുള്ളിൽ നിർവഹിച്ചു. സംസ്കൃതത്തിന് വിദ്യാർത്ഥികളെ ചേർത്ത് കോഴ്സു തുടങ്ങാൻ പ്രിൻസിപ്പൽ കാണിച്ച വ്യഗ്രത, അതിനനുഭവിച്ച തീവ്രമായ ഉത്കണ്ഠ, കണ്ടവർക്കേ അതു മനസ്സിലാകൂ. എന്തിനായിരുന്നു ഇത്രവാശി? ബിരുദവിദ്യാർത്ഥികൾ പുറത്തിറങ്ങിയിട്ട് പോരായിരുന്നോ ബിരുദാനന്തര കോഴ്സുകൾ? കൃത്യമായ ഉത്തരമുണ്ട് അദ്ദേഹത്തിന്. 'ഞാൻ റിട്ടയർ ചെയ്താൽ ആരുമീ കോഴ്സുകൾ ആരംഭിക്കുകയില്ല. സംസ്കൃത മലയാളങ്ങൾക്ക് പ്രാധാന്യമില്ലാത്ത കേവലമൊരു കോളേജ് മാത്രമായാൽ ഗുരുനാഥനോട് നീതിപുലർത്താൻ കഴിയാതെ പോകും.' അദ്ദേഹത്തിന്റെ ദീർഘവീക്ഷണം ശരിയായിരുന്നെന്ന് കാലം തെളിയിച്ചു. തൃപ്പൂണിത്തുറയിലും തിരുവനന്തപുരത്തുമുള്ള സംസ്കൃതകോളേജുകളിലെ സംസ്കൃതപഠന സൗകര്യവും ആർട്സ് വിഷയങ്ങളുമാണ് സർക്കാർ അനുവദിച്ചത്. എന്നാൽ സംസ്കൃതത്തിലെ മറ്റൊരു ശാഖയും തുടർന്നുണ്ടായില്ല. പട്ടാമ്പി ഇന്ന് സംസ്കൃത-മലയാള ഭാഷകളുടെ ഉന്നതപഠനകേന്ദ്രമായി ഗുരുനാഥനോട് നീതിപുലർത്തുന്നതിന് നാം കടപ്പെട്ടിരിക്കുന്നത് പ്രൊഫ. വെങ്കിടകൃഷ്ണന്റെ പിടിവാശിയോടാണ്.

ഊട്ടുപുരയിൽ കോളേജ് പ്രവർത്തിക്കുമ്പോഴാണ് വെങ്കിടകൃഷ്ണൻസാറിനെ ഞാൻ ആദ്യമായി കാണുന്നത്. തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ നിന്ന് കോഴിക്കോട് ആകാശവാണിയിൽ വിദ്യാർത്ഥികളുടെ ഒരു സംസ്കൃതനാടകം (മൃച്ഛകടികം) അവതരിപ്പിച്ച് ഞങ്ങൾ മടങ്ങിയത് പട്ടാമ്പിവഴിക്കാണ്. ഊട്ടുപുരയിലെ കാര്യങ്ങൾ നന്നേ പരുങ്ങലിലായിരുന്നു; കഴിച്ചുകൂട്ടാം എന്നുമാത്രം. എങ്കിലും പ്രിൻസിപ്പലിന് പ്രൗഢിക്ക് കുറവൊന്നുമുണ്ടായിരുന്നില്ല. ഒറ്റനോട്ടത്തിൽ അധൃഷ്യൻ; തീരെ അഭിഗമ്യനല്ല; കാര്യങ്ങൾ പറഞ്ഞുവന്നപ്പോൾ മഞ്ഞുകട്ട ഒന്ന് ഉരുകി. അന്ന് തീരെ ഞാനോർത്തിരുന്നില്ല, മുൻപിലിരിക്കുന്ന ഈ മഹാനുഭാവൻ പിൽക്കാലത്ത് എന്റെ ജീവിതത്തിന്റെ ഭാഗമായി മാറുമെന്ന്.

*** *** ***

കോളേജധ്യാപകനായി സർവ്വീസിൽ പ്രവേശിച്ചപ്പോൾ എന്റെ ആദ്യത്തെ പ്രിൻസിപ്പൽ അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ അധ്യാപകനായിരുന്ന കാലം പലകാരണങ്ങളാൽ അവിസ്മരണീയമാണ്. 1968 സെപ്തംബർ 9-ാം തിയ്യതിയാണ് ഞാൻ ജോലിയിൽ പ്രവേശിച്ചത്. ഓണാവധി കഴിഞ്ഞ് കോളേജ് തുറക്കുന്ന ദിവസമായിരുന്നു അന്ന്. ഇന്നത്തെതുപോലെ യാത്രാസൗകര്യങ്ങൾ അന്നില്ലായിരുന്നു. എറണാകുളത്ത് നിന്ന് പയ്യന്നൂർക്കുള്ള നാലോ അഞ്ചോ കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാത്രമായിരുന്നു ആകെയുള്ള ആശ്രയം. തലേദിവസം വൈകുന്നേരം തന്നെ ഞാൻ തൃപ്പൂണിത്തുറയിലെ വീട്ടിൽനിന്ന് പുറപ്പെട്ടതാണ്. കോളേജിലെത്തിയപ്പോൾ പിറ്റേന്ന് രാവിലെ 11 മണിയായി. ക്ലാസുകൾ തുടങ്ങിയിരിക്കുന്നു. ആദ്യദിവസം ഉച്ചയ്ക്കുമുൻപേ ഹാജരാകണമെന്നേ ഉള്ളൂ. ഞാൻ പ്രിൻസിപ്പലിന്റെ മുൻപിലെത്തി. എന്തോ ഫയൽ നോക്കുകയാണദ്ദേഹം. തല ഉയർത്തുന്നില്ല. കണ്ടു, പക്ഷേ കണ്ടതായി നടിച്ചില്ല. 15 മിനിറ്റോളം ഞാൻ അവിടെ നിന്നു, അദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിക്കാൻ ശ്രമിച്ചുകൊണ്ട്. ഒടുവിൽ തല ഉയർത്തി രൂക്ഷമായൊന്നു നോക്കി, മയമില്ലാത്ത വാക്കുകളിൽ പറഞ്ഞു: 'ഇതുവരെ നിങ്ങളൊരു വിദ്യാർത്ഥിയായിരുന്നു, ഇപ്പോൾ അധ്യാപകൻ. വിദ്യാർത്ഥിക്ക് സ്വാതന്ത്ര്യമുണ്ട്, കോളേജിൽ വരാം, വരാതിരിക്കാം, വൈകി വരാം. എന്നാൽ അധ്യാപകന് ആ സ്വാതന്ത്ര്യമില്ല. മനസ്സിലായോ?' നിന്നനിലയിൽ ഞാൻ ദഹിച്ചുപോയി. ഒരക്ഷരം മിണ്ടാൻ എനിക്കവസരം തരാതെ മുൻപിലിരുന്ന ടൈം ടേബിളിൽ നോക്കി അദ്ദേഹം പറഞ്ഞു - 'സെക്കന്റ് ഡി.സി.ക്ക് ഇപ്പോൾ സെക്കന്റ് ലാംഗ്വേജ് ആണ്. ഉടനെ ക്ലാസ്സിൽ ചെല്ല്.' ക്ലാസ് എവിടെയാണെന്നറിയില്ല, പാഠം ഏതാണെന്നും നിശ്ചയമില്ല. വന്നപാടേ നന്നേ ക്ലേശിച്ച് സ്ഥലം കണ്ടുപിടിച്ച് എന്റെ ആദ്യത്തെ ക്ലാസ്സിൽ ഞാൻ കാലെടുത്തുവെച്ചു, യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ. ആദ്യദിവസത്തെ പിരിമുറുക്കം ജീവിതത്തിലൊരിക്കലും മറക്കാൻ കഴിയില്ല.

പ്രിൻസിപ്പൽ എന്ന നിലയിൽ വളരെ കർക്കശക്കാരനായിരുന്നു അദ്ദേഹം. ഒരു ക്യാപ്റ്റൻ തന്റെ സൈന്യത്തെ നിയന്ത്രിച്ചിരുന്നതുപോലെ മിലിട്ടറി ചിട്ടയിലാണ് അദ്ദേഹം ഭരണകാര്യങ്ങൾ നിർവഹിച്ചത്. കൃത്യം 9.30ന് പ്രിൻസിപ്പലിന്റെ കാർ കോളേജിന്റെ പോർട്ടി

ക്കോവിലെത്തും. അദ്ദേഹത്തിന് ഒരു പ്യൂൺ ഉണ്ട്, ആന്റണി – എക്സ് മിലിറ്ററി, കാക്കി വേഷം. കാർ ഗേറ്റ് കടക്കുമ്പോഴേയ്ക്കും ആന്റണി തയ്യാർ. നിറുത്തുന്നതിന് മുൻപ് അറ്റൻഷൻ, സല്യൂട്ട്. നേരെ ഡോർ തുറക്കുന്നു. പ്രൗഢിയോടെ പ്രിൻസിപ്പൽ പുറത്തിറങ്ങുന്നു. നിമിഷത്തിനുള്ളിൽ ഫയലുകൾ എടുത്ത് ആന്റണി മുൻപിൽ. ഗോവണി കയറി ഓഫീസിനു മുൻപിലെത്തുമ്പോഴേയ്ക്കും ഹാഫ്ഡോർ തുറന്ന് വീണ്ടും അറ്റൻഷൻ. പ്രിൻസിപ്പലിന്റെ വരവ് തന്നെ ഒരു കാഴ്ചയാണ്, സ്റ്റെയർ കേസ് കയറുമ്പോൾ കെട്ടിടം തന്നെ വിറയ്ക്കുന്നതുപോലെ തോന്നും; ജീവനക്കാരുടെ കാര്യം പറയാനില്ല.

വിശേഷാവസരങ്ങളിൽ ഫുൾസ്യൂട്ടിലായിരിക്കും പ്രിൻസിപ്പൽ. ഗവർണർ കോളേജ് സന്ദർശിച്ചപ്പോൾ മിലിട്ടറി ചിട്ടയിലാണ് പ്രിൻസിപ്പൽ അതിഥിയെ സ്വീകരിച്ചത്. ഇളം റോസ് നിറത്തിലുള്ള മനോഹരമായ ഒരു കോട്ട്, ടൈ. ഗവർണ്ണർ കാറിൽ നിന്നിറങ്ങുമ്പോൾ ബൊക്കെ, എന്നിട്ട് നിരനിരയായി നിൽക്കുന്ന അധ്യാപകരെ ഓരോരുത്തരെ പരിചയപ്പെടുത്തൽ. ഒരു ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്ന രീതിയിൽ ഗവർണ്ണർ അധ്യാപകരെ കണ്ട് മുന്നോട്ട്.

കോളേജിനെ സംബന്ധിച്ച് അന്ന് എല്ലാം അവ്യവസ്ഥിതമായിരുന്നു. കെട്ടിടങ്ങളുടെ പണി തീർന്നിട്ടില്ല. പുതിയ കാമ്പസിൽ സൗകര്യങ്ങളൊന്നും ഇല്ല. വെള്ളം പോലും വേണ്ടത്രയില്ല. വിദ്യാർത്ഥികൾക്ക് എന്നും പ്രശ്നങ്ങൾ, അധ്യാപകരുണ്ടാക്കുന്ന പ്രശ്നങ്ങൾ വേറെ. അന്ന് ഒരു ഭരണാധികാരിക്ക് കർക്കശക്കാരനാകാതെ കാര്യങ്ങൾ കൊണ്ടു നടത്താൻ പറ്റില്ല.

എന്നാൽ, അദ്ദേഹത്തിന് മറ്റൊരു മുഖമുണ്ട്, അധികമാരും കണ്ടിട്ടില്ലാത്ത മുഖം. ആവോളം ഞാനത് കണ്ടിട്ടുണ്ട്, അനുഭവിച്ചിട്ടുമുണ്ട്. അതിന് ശങ്കരാകോളനിയിലെ വീട്ടിൽ ചെല്ലണം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ആരംഭകാലമാണത്. ഒട്ടനവധി പദവികൾ അദ്ദേഹം വഹിച്ചിരുന്നു – പരീക്ഷകൻ, ചോദ്യപേപ്പർ തയ്യാറാക്കുന്നവൻ, ബുക്ക്ബാങ്ക് കമ്മിറ്റി, ബോർഡ് ഓഫ് സ്റ്റഡീസ് – ഈ സമിതികളുടെ ഒക്കെ ചെയർമാൻ അദ്ദേഹമാണ്. ഇവയുടെ ഒക്കെ പ്രവർത്തനം നടത്താൻ കോളേജിൽ സമയമില്ല. ആന്റണി സ്റ്റാഫ് റൂമിലേയ്ക്ക് വരുന്നതുകണ്ടാൽ മനസ്സിലാക്കണം, വൈകുന്നേരം മഠത്തിലേയ്ക്ക് ചെല്ലണമെന്നറിയിക്കാനാണെന്ന്. കോളേജ് വിട്ട് ആറു മണിയോടെ അവിടെ എത്തും. അവിടെക്കാണുക മറ്റൊരു വെങ്കിട്ടകൃഷ്ണൻസാറിനെയാണ്. കുന്നുകൂടികിടക്കുന്ന പേപ്പർ കെട്ടുകൾ. അന്ന് മലയാളം, സംസ്കൃതം വിദ്വാൻ പരീക്ഷകളുണ്ട്. മലയാളത്തിന്റെ ഉപഭാഷ സംസ്കൃതമാണ്. മുപ്പതും നാല്പതും പേജുണ്ടാകും ഒരാളുടെ പേപ്പറിന്. ശാകുന്തളത്തിൽ നിന്ന് ഒരു അനോട്ടഷൻ ഉണ്ടെങ്കിൽ കവികുലകൂടസ്ഥനായ മഹാകവി കാളിദാസൻ എന്നു തുടങ്ങി ആറുപേജാണ് ആമുഖം. രസമതല്ല, സന്ദർഭം ചോദിച്ചിരിക്കുന്ന വാക്യത്തിന്റെ അന്വയമോ അർത്ഥമോ പ്രകരണയോജനയോ ഒന്നും ഉണ്ടാകുകയില്ല. എന്നിട്ടും, ഉത്തരക്കടലാസ് നോക്കുമ്പോൾ അദ്ദേഹത്തെ സഹായിക്കുന്നതിൽ ഒട്ടും വിരസത ഉണ്ടാകില്ല. സാറ് നിരന്തരം സംസാരിച്ചുകൊണ്ടിരിക്കും – ഉത്തരക്കടലാസിലെ ചില വിഡ്ഢിത്തങ്ങൾ, സരസകഥകൾ, അനുഭവങ്ങൾ. അതിനിടയിൽ

ധ്വന്യാലോകവും കാളിദാസകൃതികളുമൊക്കെ കടന്നുവരും. സുഹൃത്തുക്കൾ തമ്മിലെന്നപോലെയാണ് അപ്പോഴത്തെ കളിയും ചിരിയുമൊക്കെ - ധാരാളം ഫലിതങ്ങൾ, ചില വ്യക്തികളുടെ നഖചിത്രങ്ങൾ, ചിലരുടെ അല്പത്തങ്ങൾ. ചിലപ്പോൾ പ്രായത്തിലും പദവിയിലും ഞങ്ങൾ തമ്മിലുള്ള വ്യത്യാസം മറന്നുപോലുമുള്ള തമാശകൾ : 'ശാകുന്തളം പഠിച്ചിട്ടില്ലേ?' 'ഉവ്വ്'. 'ശ്ലോകം തോന്നുമോ?' 'തോന്നും'. 'സരസിജമനുവിദ്ധം ചൊല്ലുക'. ചൊല്ലി. 'അന്വയം?'. പറഞ്ഞു. പരിഹാസത്തോടെ ഒരു ചോദ്യം 'ആരാ പഠിപ്പിച്ചത്?. 'രാമചന്ദ്രൻ മാഷ്'. അമർത്തി ഒരു ചിരി. ' അങ്ങനെയല്ല അന്വയിക്കേണ്ടത് - 'വല്ക്കലേ നാപി' എന്നാണ് അന്വയം. തുടർന്നു മാലപ്പടക്കം പൊട്ടിയതുപോലെ ഒരുചിരി.

രാത്രി ഒരുമണി കഴിയും ശങ്കരാകോളനി വിടുമ്പോൾ. വളരെ രസകരങ്ങളായിരുന്നു ഈ അനുഭവങ്ങൾ. വെങ്കിടകൃഷ്ണൻ സാറിന്റെ ഈ മുഖം പ്രിൻസിപ്പലിന്റെ മുഖത്തിന് നേർ വിപരീതം. രാത്രി ഉറക്കമിളച്ച് സാറിനൊപ്പമിരുന്നിട്ട് പിറ്റേന്ന് കോളേജിൽ ചെല്ലുമ്പോൾ കണ്ട ഭാവമില്ല, ക്ലാസ്സിലെത്താൻ അഞ്ചുമിനിട്ട് വൈകിയാൽ തീർന്നു കഥ - പിന്നെ ഉരുൾപൊട്ടലാണ്.

ആന്റണി വരുമ്പോൾ കയ്യിൽ കടലാസൊന്നുമില്ലെങ്കിൽ മനസ്സിലാക്കാം. നേരിട്ട് ചെല്ലാനാണ് നിർദ്ദേശം. ഓഫീസിലെത്തുമ്പോൾ എടുത്തുതരാൻ ഒരു ഫയൽ ഉണ്ടാകും - ആകാശവാണിയിൽ പ്രഭാഷണത്തിനുള്ള ക്ഷണക്കത്താകാം, ആനുകാലികങ്ങൾ ലേഖനം ആവശ്യപ്പെട്ടതാകാം, ടൈംടേബിളിന്റെ കെട്ടുകളുമാകാം. വിശദമായ നിർദ്ദേശമുണ്ടാകും നേരിൽ. ദൗത്യം പൂർത്തിയാക്കിയാൽ എത്തേണ്ടത് ശങ്കരാകോളനിയിൽ. വിശദമായി പരിശോധിക്കും. ചില തിരുത്തുകൾ വരുത്തും, അതിനുള്ള കാരണം പറഞ്ഞുതരും. റേഡിയോ പ്രഭാഷണമാണെങ്കിൽ പറയും - 'ഇത് ഞാൻ കാറിലിരുന്ന് വായിച്ചുകൊള്ളാം'. കാത്തിരുന്ന് ഞാൻ പ്രഭാഷണം കേൾക്കും. കാര്യമായ മാറ്റങ്ങളൊന്നുമില്ല! എനിക്ക് എന്തെന്നില്ലാത്ത ആത്മവിശ്വാസം!

എന്റെ അദ്ധ്യാപകജീവിതത്തിന് പ്രാഥമികപരിശീലനം ഞാൻ നേടിയത് വെങ്കിടകൃഷ്ണൻസാറിൽ നിന്നാണ്. ഉറക്കം നഷ്ടപ്പെട്ട രാവുകളായിരുന്നു അദ്ദേഹം എനിക്ക് നൽകിയത്. എങ്കിലും കൃതാർത്ഥതയോടെയാണ് ഞാൻ ആ ദിനങ്ങളെ ഓർക്കാറുള്ളത്. പിൽക്കാലത്ത് ഏത് ഉത്തരവാദിത്വവും ഏറ്റെടുക്കുവാനുള്ള ധൈര്യവും ആത്മവിശ്വാസവും പ്രയോഗപരിജ്ഞാനവും എനിക്ക് ലഭിച്ചത് എന്റെ ആദ്യത്തെ പ്രിൻസിപ്പലിൽ നിന്നാണ്. ഇത്ര അധൃഷ്യനായിരുന്നില്ല ആദ്യമേധാവിയെങ്കിൽ, ഒരുപക്ഷേ, മറ്റു പലരേയുംപോലെ ഞാനുമൊരു അലസതാവിലസിതനായിപ്പോകുമായിരുന്നെന്ന് ചിലപ്പോഴൊക്കെ ഭയത്തോടെ ഓർക്കാറുണ്ട്.

പട്ടാമ്പി കോളേജിന്റെ ബാലാരിഷ്ടതകൾ നീങ്ങുംവരെ കുറച്ചുകാലത്തേയ്ക്ക് കൂടി തന്റെ സർവ്വീസ് നീട്ടിക്കിട്ടുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരുന്നു. അതിനുള്ള ഉറപ്പും അധികൃതരിൽ നിന്ന് അദ്ദേഹത്തിന് ലഭിച്ചിരുന്നു. അവസാനദിവസംവരെ അദ്ദേഹമത്

കാത്തിരുന്നു. അതുണ്ടായില്ല. പിന്നീടൊരിക്കൽ അദ്ദേഹം പറഞ്ഞു: 'ജർമ്മനിയിലേക്ക് പോയ മുഖ്യമന്ത്രി അല്ല തിരിച്ചുവന്നത്. ആർക്കുമൊന്നും ഇടപെടാൻ ഇടംകിട്ടും മുൻപേ മുന്നണി ബന്ധങ്ങൾ തകർന്നു. രാഷ്ട്രീയ കാലാവസ്ഥ കലങ്ങിമറഞ്ഞു.' 1969 മാർച്ച് 31ന് അദ്ദേഹം പടിയിറങ്ങിയത് നിരാശനായിട്ടായിരുന്നു. എങ്കിലും ആറ് വർഷം മുൻപ് പെരുമുടിയൂരിൽ വന്നിറങ്ങുമ്പോഴുള്ള അവസ്ഥയിൽ നിന്ന് ഗുരുനാഥന്റെ സ്ഥാപനത്തിന് കൈവരിക്കാൻ കഴിഞ്ഞ മാനംമുട്ടുന്ന നേട്ടങ്ങൾ അദ്ദേഹത്തെ കൃതകൃത്യനാക്കിയിരുന്നു; ആ നേട്ടങ്ങളുടെ ഫലഭോക്താക്കൾ പക്ഷേ, അത് തിരിച്ചറിഞ്ഞുവോ എന്ന് സംശയമുണ്ട്; അന്നും ഇന്നും.

അദ്ദേഹം റിട്ടയർ ചെയ്യുമ്പോൾ ബിരുദാനന്തരവിദ്യാർത്ഥികൾ ആദ്യവർഷം പൂർത്തിയാക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. കോളേജിൽ സീനിയർ അധ്യാപകർ ഉണ്ടായിരുന്നതുമില്ല. ഒഴിവ് ദിവസങ്ങളിൽ വീട്ടിൽവെച്ചു ക്ലാസ്സെടുത്താണ് അദ്ദേഹം അവരെ പരീക്ഷയ്ക്ക് തയ്യാറാക്കിയത്.

ഈ സമയത്ത് വടക്കാഞ്ചേരിയിൽ വ്യാസാകോളേജ് പ്രാരംഭദശയിലായിരുന്നു. അദ്ദേഹത്തെ അവിടേയ്ക്ക് ക്ഷണിച്ചിരുന്നു. എന്തോ അതുപിന്നെ നടപ്പിലായില്ല. ഈ ഘട്ടത്തിലാണ് പാവറട്ടി സാഹിത്യദീപികാ സംസ്കൃതവിദ്യാലയം അദ്ദേഹത്തെ ക്ഷണിക്കുന്നത്.

പുന്നശ്ശേരി നമ്പിയുടെ ശിഷ്യന്മാർ മലബാറിന്റെ പലഭാഗങ്ങളിലും സംസ്കൃതവിദ്യാലയങ്ങൾ സ്ഥാപിച്ച് വിദ്യാർത്ഥികളെ സംസ്കൃതം പഠിപ്പിച്ച് പോന്നു. ഗുരുനാഥൻ അവയെ ഒക്കെ പ്രോത്സാഹിപ്പിച്ചുമിരുന്നു. അക്കൂട്ടത്തിൽ ഒന്നായിരുന്നു പാവറട്ടിയിൽ സംസ്കൃതപ്രണയഭാജനം കൂര്യാക്കുമാസ്റ്ററുടെ വിദ്യാലയം. വളരെ പ്രശസ്തമായ രീതിയിൽ മാസ്റ്റർ അതുനടത്തിക്കൊണ്ടുപോന്നിരുന്നു. പാവറട്ടി ടൗണിൽതന്നെ സ്വന്തംസ്ഥലവും കെട്ടിടങ്ങളുമുണ്ടായിരുന്നു. പ്രശസ്തരായ കെ.പി. നാരായണപിഷാരോടി, എം.പി. ശങ്കുണ്ണിനായർ, ശ്രീകൃഷ്ണശർമ്മ, ചെറുകാട് തുടങ്ങിയവർ അവിടുത്തെ അദ്ധ്യാപകരായിരുന്നു. എം.എസ്. മേനോൻ, കോവിലൻ തുടങ്ങിയവർ വിദ്യാർത്ഥികളും. കുര്യാക്കുമാസ്റ്റർ ഏറെ ത്യാഗങ്ങൾ സഹിച്ച് കഷ്ടപ്പെട്ടാണ് ദൈനംദിനകാര്യങ്ങൾ നിർവഹിച്ചുപോന്നത്. അദ്ദേഹത്തിന് പ്രായമായപ്പോൾ ചുമതല മക്കളേറ്റെടുത്തു. മൂത്ത മകൻ ഫ്രാൻസിസ് മാസ്റ്റർക്കായിരുന്നു നടത്തിപ്പിന്റെ ഉത്തരവാദിത്വം. സംസ്കൃതത്തിലും മലയാളത്തിലുമുള്ള വിദ്വാൻ കോഴ്സായിരുന്നു അവിടെ നടന്നത്. വിദ്യാർത്ഥികൾ കുറവ്, കുര്യാക്കുമാസ്റ്റർ രോഗശയ്യയിൽ. ഈ സന്ദർഭത്തിലാണ് വെങ്കിടകൃഷ്ണൻ മാസ്റ്റർ വിദ്യാലയത്തിന്റെ ചുമതല ഏറ്റെടുത്തത്. പെരുമുടിയൂരിൽ നടന്നതെല്ലാം അവിടെ ആവർത്തിച്ചു. വിസ്തരിക്കുന്നില്ല. മലബാറിലെ അനേകം സംസ്കൃതവിദ്യാലയങ്ങൾക്കൊപ്പം നാമാവശേഷമാകുമായിരുന്ന കുര്യാക്കുമാസ്റ്ററുടെ ആ സ്ഥാപനമാണ് കേന്ദ്രഗവൺമെന്റിന്റെ കീഴിൽ പ്രശസ്തമായി പ്രവർത്തിക്കുന്ന ഗുരുവായൂർ കേന്ദ്രീയസംസ്കൃതവിദ്യാപീഠം. ഇപ്പോൾ കല്പിതസർവകലാശാലയുടെ പദവി ഉണ്ട് ആ സ്ഥാപനത്തിന്.

പാവറട്ടിയിൽ നിന്നു പോന്നശേഷമാണ് അദ്ദേഹം കാഞ്ചികാമകോടി ശങ്കരാചാര്യരുടെ നേതൃത്വത്തിലുള്ള സംസ്കൃതവിദ്യാലയത്തിന്റെ അദ്ധ്യക്ഷപദവി ഏറ്റെടുക്കുന്നത്. ആ സമയത്ത് വെങ്കിടകൃഷ്ണൻസാറുമായി അടുത്തിടപെടുന്നതിന് എനിക്ക് വീണ്ടും അവസരം ലഭിച്ചു.

*** *** ***

1986 ൽ ഞാൻ തൃപ്പൂണിത്തുറ കോളേജിൽ പ്രിൻസിപ്പൽ ആയി ചുമതലയേറ്റു. കോളേജിന്റെ സ്ഥാപകൻ രാജർഷി രാമവർമ്മ 1926 ൽ ആരംഭിച്ച ശാസ്ത്ര സദസ്സ് കോളേജിലെ വലിയ പണ്ഡിത സമാഗമമായിരുന്നു. ഏറെക്കാലം പരീക്ഷിത്ത് തമ്പുരാനായിരുന്നു അതിന്റെ അദ്ധ്യക്ഷൻ. 1964 ൽ അദ്ദേഹത്തിന്റെ വേർപാടിനെ തുടർന്നു സദസ്സിന് അതിന്റെ പ്രൗഢി നഷ്ടപ്പെട്ടിരുന്നു. 1987 ൽ സദസ്സ് പുനരുദ്ധരിച്ചപ്പോൾ പ്രൊഫ. ടി. കെ. രാമചന്ദ്രയ്യർ ആയിരുന്നു അദ്ധ്യക്ഷൻ. 1990 മുതൽ സദസ്സിൽ അദ്ധ്യക്ഷതവഹിച്ചത് വെങ്കിടകൃഷ്ണൻസാറായിരുന്നു. കാഞ്ചിയിൽ ആസ്ഥാനവിദ്വാനായിരുന്നു അപ്പോഴദ്ദേഹം. യാത്രചെയ്യാൻ കഴിയുന്ന കാലത്തോളം എല്ലാ വർഷവും സദസ്സിന്റെ അദ്ധ്യക്ഷനായി അദ്ദേഹം തുടർന്നു. ജീവിതം മുഴുവൻ താനനുഷ്ഠിച്ച സേവനങ്ങൾക്കുള്ള അംഗീകാരമായിരുന്നു മഹിതമായ ഈ അദ്ധ്യക്ഷപദവി. അത്തരത്തിലദ്ദേഹത്തെ ആദരിക്കാൻ കഴിഞ്ഞതിൽ, വ്യക്തിപരമായി, എനിക്ക് വലിയ ചാരിതാർത്ഥ്യമുണ്ട്.

വെങ്കിടകൃഷ്ണൻ സാറുമായി വ്യക്തിപരമായുള്ള ബന്ധങ്ങൾ പങ്കിടുകമാത്രമാണിവിടെ ചെയ്തത്. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെയോ സഹൃദയത്വത്തെയോ ഒന്നും ഇതിൽ സ്പർശിച്ചിട്ടില്ല. മറ്റുസ്ഥാപനങ്ങളെ വളർത്തിയെടുക്കുന്നതിലുള്ള പങ്കും ഇതിന്റെ പരിധിയിൽപ്പെടുത്തിയിട്ടില്ല.

കാലം പ്രൊഫ. വെങ്കിടകൃഷ്ണനോട് നീതികാണിച്ചില്ല; അദ്ദേഹം പടുത്തുയർത്തിയ സ്ഥാപനങ്ങളും. അതിന് പലകാരണങ്ങളുമുണ്ടാകാം. എന്നിട്ടും ദാരിദ്ര്യവും കഷ്ടപ്പാടും വ്യക്തിപരമായ നഷ്ടങ്ങളും സ്വയം അനുഭവിക്കുമ്പോൾപോലും അനേകം വിദ്യാർത്ഥികളെ അദ്ദേഹം കൈപിടിച്ച് കയറ്റിയിട്ടുണ്ട്. വെങ്കിടകൃഷ്ണൻ സാറില്ലായിരുന്നെങ്കിൽ ഒന്നും ആകുമായിരുന്നില്ലാത്ത അനേകർ ഇന്ന് ഉന്നതപദവികളിൽ എത്തിയിട്ടുണ്ട്. മറ്റാരു മറന്നാലും വെങ്കിടകൃഷ്ണൻ സാറിനെ അദ്ദേഹത്തിന്റെ വിദ്യാർത്ഥികൾ മറക്കില്ല. ആ ഓർമ്മകളാണ് അദ്ദേഹത്തിനുള്ള ശാശ്വതസ്മാരകം.

---

ഡോ. കെ. ജി. പൗലോസ്, മുൻവൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാല
E-mail: kgpaulose@gmail.com, www.kgpaulose@info.com.